# ‘സങ്കേതവും ബലവും’

## സങ്കീർത്തനങ്ങൾ 46:1

‘‘ദൈവം നമ്മുടെ സങ്കേതവും, ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു’’.

ആപത്തുകളെയും അനർത്ഥങ്ങളെയും അഭിമുഖീകരിക്കുമ്പോൾ അവയിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ അനേകം വഴികൾ തിരഞ്ഞെടുക്കുന്നവരാണ് നാം ഓരോരുത്തരും. പല വഴികളും പരാജയപ്പെട്ട് മുന്നിൽ ഇരുട്ടുമായി നിൽക്കുമ്പോഴാണ് നമ്മുടെ ശാശ്വത സങ്കേതമായ ദൈവത്തിങ്കലേക്ക് നാം തിരിഞ്ഞു ചെല്ലാറുള്ളത്. എന്നാൽ പ്രത്യാശയുള്ള ഒരു ദൈവപൈതലിന്റെ ആശ്വാസവും, ആശ്രയവും തന്നെ സൃഷ്ടിച്ച് പോറ്റി പുലർത്തി തന്നോടുകൂടെ ജീവിക്കുന്ന ദൈവം തന്നെയാണ് എന്ന് നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു.

അതുകൊണ്ട് ഭൂമി മാറിപോയാലും പർവതങ്ങൾ കുലുങ്ങി സമുദ്രമദ്ധ്യേ വീണാലും അതിലെ വെള്ളം ഇരച്ച് കലങ്ങിയാലും അതിന്റെ കോപംകൊണ്ട് പർവതങ്ങൾ കുലുങ്ങിയാലും ഞാൻ ഭയപ്പെടുകയില്ല എന്ന പ്രഖ്യാപനം, അതിഭയങ്കരമായ ആപത്തിലും അത്യുന്നതനായ ദൈവം അവരുടെ സങ്കേതവും ബലവും ആണ് എന്ന് കോരഹ് പുത്രന്മാരുടെ ഉറച്ച വിശ്വാസത്തെ ചൂണ്ടി കാണിക്കുന്നു.

ഈ ഒരു വിശ്വാസവും പ്രത്യാശയും ആയിരിക്കണം നമ്മുടെയും ജീവിതത്തിൽ നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളെയും നമ്മുടെ ദൈവത്തോടുകൂടെ ആയിരിക്കുമ്പോൾ അതിന് എതിരെ വരുന്ന എല്ലാ പ്രതികൂല സാഹചര്യങ്ങൾക്കുമുള്ള പരിഹാരവും നാം ദൈവത്തിന്റെ സന്നിധിയിൽനിന്നും നിശ്ചയമായും പ്രാപിക്കും. ഈ വിശ്വാസവും ബലവും നമ്മുടെ ഹൃദയത്തിലേക്കു ആഴ്ന്നിറങ്ങട്ടെ.

കഷ്ടങ്ങളുടെയും കണ്ണുനീരിന്റെയും താഴ്വരകളിൽ ആരും തുണയില്ലാതെ നടന്നുനീങ്ങുമ്പോൾ കർത്താവ് എന്റെ ഏറ്റവും അടുത്ത തുണയായിരിക്കുന്നു എന്നു പറയുവാൻ നമുക്കു കഴിയുമോ? അങ്ങനെ പറയുവാൻ കഴിയണമെങ്കിൽ നമ്മുടെ ചെറുതും വലുതുമായിരിക്കുന്ന എല്ലാ പ്രശ്നങ്ങളിലും കർത്താവ് നമ്മുടെ സങ്കേതമായിത്തീരണമെന്ന് നാം മനസിലാക്കുന്നുണ്ടോ? ആരും തുണയില്ലാതെ കഷ്ടങ്ങളുടെ നടുവിൽ സങ്കടപ്പെട്ടുകൊണ്ടാണോ നാം ഈ നിമിഷം ആയിരിക്കുന്നത്? എങ്കിൽ നമ്മുടെ ഭാരങ്ങളുമായി കർത്താവിനെ അഭയം തേടുക, ആശ്രയിക്കുക, അവന്റെ

കരങ്ങളിലേക്ക് കൊടുക്കുക. അവൻ നമ്മെ ആശ്വസിപ്പിക്കും, നിശ്ചയമായും. അതിനായി കർത്താവു നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

പരാമർശം :
2ശമുവേൽ 22:2,3
യഹോവ എന്റെ ശൈലവും എൻകോട്ടയും എന്റെ രക്ഷകനും ആകുന്നു. എന്റെ പാറയായ ദൈവം; അവനിൽ ഞാൻ ആശ്രയിക്കും; എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും എന്റെ സങ്കേതവും തന്നേ. എന്റെ രക്ഷിതാവേ, നീ എന്നെ സാഹസത്തിൽനിന്നു രക്ഷിക്കുന്നു.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 02